
# ഗവൺമെന്റ് വൊക്കേഷണൽ & ഹയർസെക്കൻഡറി സ്കൂൾ

## മണീട്



# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26

## പ്രതീക്ഷ


മണീട് പി.ഒ., എറണാകുളം, പിൻ – 686 664, ഫോൺ : 0485 2246214

ഇ–മെയിൽ : ghsmaneed28045@gmail.com

വിദ്യാഭ്യാസ ജില്ല : മൂവാറ്റുപുഴ

# ഗവൺമെന്റ് വൊക്കേഷണൽ & ഹയർസെക്കൻഡറി സ്കൂൾ മണീട്

മണീട് പി.ഒ., എറണാകുളം, പിൻ – 686 664
ഫോൺ : 0485 2246214
ഇ – മെയിൽ : ghsmaneed28045@gmail.com
വിദ്യാഭ്യാസ ജില്ല മൂവാറ്റുപുഴ

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## പ്രതീക്ഷ

# ഗവൺമെന്റ് വൊക്കേഷണൽ & ഹയർസെക്കൻഡറി സ്കൂൾ മണീട്

**ചരിത്രം**

മൂവാറ്റുപുഴയാറിന്റെ തീരത്ത് മൂവാറ്റുപുഴ താലൂക്കിൽ പടിഞ്ഞാറെ അതിരിൽ മലനിരകളും പാടശേഖരങ്ങളും കുളിരണിയിക്കുന്ന കൊച്ചു കൊച്ചു തോടുകളും ചേർന്ന് ഗ്രാമഭംഗി നിറഞ്ഞൊഴുകുന്ന മണീട് ഗ്രാമപഞ്ചായത്ത്. കർഷകരും മണ്ണിനെ പൊന്നണിയിക്കുന്ന കാർഷിക തൊഴിലാളികളും ഇവിടെ, ഈ നാടിനെ ഐശ്വര്യപൂർണ്ണമാക്കുന്നു. സെക്കൻഡറി- ഹയർ സെക്കൻഡറി വിഭാഗത്തിൽപ്പെടുന്ന ഒരേയൊരു സരസ്വതീക്ഷേത്രം.

1910 ഫെബ്രുവരി 23 ന് (1085 കുംഭം 12) ഒരു പ്രൈമറി സ്കൂളായി മുളയെടുത്ത് 1950 ജൂൺ 10 ന് അപ്പർ പ്രൈമറി സ്കൂളായി ഇല വിരിഞ്ഞ് 1961 ജൂൺ 5 ന് സെക്കൻഡറി സ്കൂളായി തടി തിരിഞ്ഞ് 1990 ൽ വൊക്കേഷണൽ ഹയർ സെക്കൻഡറിയും 2004 ൽ ഹയർ സെക്കൻഡറിയുമായി പടർന്നു പന്തലിച്ചു ഈ വിദ്യാലയ 'വടവൃക്ഷം'. 1986 ൽ പാരലൽ ഇംഗ്ലീഷ് മീഡിയം ക്ലാസുകളും ആരംഭിച്ചു. എക്കാലവും നൂറുമേനി കൊയ്യുന്ന കല്പവൃക്ഷമായി ശോഭിക്കുന്നതാണ് ഈ വിഭാഗം.

പ്രൈമറി വിദ്യാഭ്യാസത്തിനു ശേഷം സെക്കൻഡറി വിദ്യാഭ്യാസത്തിനു സൗകര്യമില്ലാതിരുന്ന കാലഘട്ടത്തിൽ ഈ നാട്ടുകാർ നടത്തിയ നെടുനാളത്തെ പോരാട്ടത്തിന്റെ ഫലമായിട്ടാണ് അരനൂറ്റാണ്ടിനു ശേഷം ആ സ്വപ്നം യാഥാർത്ഥ്യമായത്. മണീടിൽ ഹൈസ്കൂൾ അനുവദിച്ചു കൊണ്ട് അന്നത്തെ മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുമായിരുന്ന ശ്രീ.പട്ടം താണുപിള്ളയുടെയും ഡി.പി.ഐ. ശ്രീ. എൻ. ചന്ദ്രഭാനുവിന്റെയും 01.06.1961 ലെ നമ്പർ P.E.B 2-148874/60 എന്ന ഉത്തരവാണ് ഈ നാടിന്റെ വിദ്യാഭ്യാസ ചരിത്രത്തിലെ നാഴികക്കല്ലായി മാറിയത്. ബഹു. മൂവാറ്റുപുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ആയിരുന്ന ശ്രീ. ഇ.എൻ. ചന്ദ്രശേഖപിള്ള MA, LT 09.06.1961 ൽ ഈ ഹൈസ്കൂളിന്റെ ഔപചാരിക

ഉദ്ഘാടനം നിർവ്വഹിക്കുമ്പോൾ ഈ നാട്ടുകാരൻ തന്നെയായിരുന്ന ശ്രീ. റ്റി.സി.ഐസക് ആയിരുന്നു പ്രധാന അധ്യാപകൻ. മുൻ കേരള ഭക്ഷ്യമന്ത്രി ഇ.പി. പൗലോസ്, മുൻ കേന്ദ്ര ഭക്ഷ്യമന്ത്രി എ.എം. തോമസ്, വി.എം. പീറ്റർ, പി.കെ. കൃഷ്ണമേനോൻ, കെ.എം. പോൾ, ടി.സി. ജോർജ്, കെ. എം. വർഗീസ്, കെ.എം. മൈക്കിൾ, മുൻ എം.എൽ.എ. കെ.എം. കുര്യാക്കോസ് എന്നീ പ്രമുഖ വ്യക്തികൾക്കു സ്കൂളിനു വേണ്ടി 92 സെന്റ് സ്ഥലം സൗജന്യമായി നൽകിയ കൗതുകപ്പിള്ളി മനയ്ക്കൽ തുപ്പൻ നമ്പൂതിരിപ്പാട് എന്നീ പേരുകൾ സ്കൂൾ ചരിത്രത്തിന്റെ ഏടുകളിൽ സുവർണ്ണലിപികളിൽ എന്നും ഒളിമക്കാതെ കിടക്കുന്നു. കൂടാതെ 50 പൈസ മുതൽ വലിയ തുകവരെ സംഭാവന നൽകി സഹായിച്ചവർക്ക് എല്ലാവിധ സ്നേഹാദരങ്ങളും സമർപ്പിക്കുന്നു.

തൃശൂർ ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ മിലിത്തിയോസ്, ഇന്ത്യൻ എക്സ്പ്രസിന്റെ മുൻ എഡിറ്ററും ഡെക്കാൺ ഹെറാൾഡിന്റെ അസോസിയേറ്റ് എഡിറ്ററുമായിരുന്ന ശ്രീ. ശങ്കരനാരായണൻ നമ്പൂതിരി, എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്ന് ബയോകെമിസ്ട്രിയിൽ എം.എസ്.സി. യിൽ രണ്ടാം റാങ്കും കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്ന് മറൈൻ സയൻസിൽ ഡോക്ടറേറ്റും നേടിയ ഡോ. ലത ഉണ്ണികൃഷ്ണൻ, മലയാളത്തിൽ ഡോക്ടറേറ്റെടുത്ത ഡോ. ജയ സുകുമാരൻ, ബയോഫിസിക്സിൽ ഡോക്ടറേറ്റെടുത്ത ഡോ. ജിൻസി. പി. തോട്ടത്തിൽ, വിദ്യാഭ്യാസ വകുപ്പിൽ ഡിസ്ട്രിക്ട് ഡെപ്യൂട്ടി ഓഫീസറായി റിട്ടയർ ചെയ്ത ശ്രീ. പി.കെ. അയ്യപ്പൻ, സംസ്ഥാന പ്രവൃത്തി പരിചയമേളയിഫ ഒന്നാം സമ്മാനാർഹരായ സ്മൃതി മോഹൻ, ശ്രാവൺ മോഹൻ തുടങ്ങി ഒട്ടേറെ പ്രതിഭകൾ ഈ വിദ്യാലയച്ചെപ്പിലെ മുത്തുമണികളാണ്.

ശ്രീ. രഘു എം.കെ. ഹൈസ്കൂൾ വിഭാഗം ഹെഡ്മാസ്റ്ററായും, ശ്രീമതി സിന്ധു എസ്. ഹയർ സെക്കൻഡറി വിഭാഗം പ്രിൻസിപ്പൽ ആയും, ഡോ. മുഹമ്മദ് സുധീർ വി.എച്ച്.എസ്.സി.

വിഭാഗം പ്രിൻസിപ്പൽ ആയും സേവനമനുഷ്ഠിക്കുന്നു. മൂവാറ്റുപുഴ വിദ്യാഭ്യാസ ജില്ലയിലെ ഏറ്റവും നല്ല സർക്കാർ വിദ്യാലയമെന്ന ബഹുമതി നേടിയ ഈ സ്കൂൾ ഇന്ന് പുരോഗതിയുടെ പാതയിലാണ്.

| **നമ്പർ** | **വിഭാഗം** | **കുട്ടികളുടെ എണ്ണം** | **ആകെ എണ്ണം** |
|---|---|---|---|
| 1 | യു.പി. | 34 | |
| 2 | എച്ച്.എസ്. | 81 | 115 |
| 3 | എച്ച്.എസ്.എസ്. | 137 | 165 |
| 4 | വി.എച്ച്.എസ്.ഇ. | 55 | 66 |

| **നമ്പർ** | **വിഭാഗം** | **അധ്യാപകരുടെ എണ്ണം** | **അനധ്യാപകരുടെ എണ്ണം** |
|---|---|---|---|
| 1 | യു.പി. | 3 | |
| 2 | എച്ച്.എസ്. | 8 | 4 |
| 3 | എച്ച്.എസ്.എസ്. | 12 | 2 |
| 4 | വി.എച്ച്.എസ്.ഇ. | 8 | 3 |

ഈ അധ്യയന വർഷത്തിൽ ശ്രീ. ബിജു സൈമൺ പി.ടി.എ. പ്രസിഡന്റായും, ശ്രീമതി ചന്ദൻ ജോസ് വൈസ് പ്രസിഡന്റായും, ശ്രീ. സുരേഷ് കുമാർ എസ്.എം.സി. ചെയർമാനായും പ്രവർത്തിച്ചു വരുന്നു.

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | :ഗവ വൊക്കേഷണൽ ആന്റ് ഹയർ സെക്കൻഡറി സ്കൂൾ, മണീട് |
| വിലാസം | : മണീട് പി.ഒ., പിറവം, എറണാകുളം, പിൻ - 686 664 |
| ഫോൺനമ്പർ | : 0485 - 2246214 |
| സ്കൂൾ കോഡ് | : 28045 |
| വിദ്യാഭ്യാസ ജില്ല | : മൂവാറ്റുപുഴ |
| വിദ്യാഭ്യാസ ഉപജില്ല | : പിറവം |
| റവന്യു ജില്ല | : എറണാകുളം |
| ബി.ആർ.സി. | : പിറവം |
| സി.ആർ.സി. | : മണീട് |
| ഗ്രാമപഞ്ചായത്ത് | : മണീട് |
| ബ്ലോക്ക് പഞ്ചായത്ത് | : മുളന്തുരുത്തി |
| ജില്ലാ പഞ്ചായത്ത് | : എറണാകുളം |
| നിയമസഭാ മണ്ഡലം | : പിറവം |
| ലോക്സഭാ മണ്ഡലം | : കോട്ടയം |
| താലൂക്ക് | : മൂവാറ്റുപുഴ |
| വില്ലേജ് | : മണീട് |
| ഇ-മെയിൽ | : ghsmaneed28045@gmail.com |

## ലക്ഷ്യങ്ങൾ

1 ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യവും ഗുണമേന്മയാർന്നതുമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പു വരുത്തുക

2 മൂല്യബോധമുള്ള തലമുറയെ വാർത്തെടുക്കുക

3 വിദ്യാലയം സമൂഹത്തിന്റെ ഭാഗമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക

4 കലാപരവും കായികവും പ്രവർത്തനമികവും ഒത്തിണങ്ങിയ ഒരു ജനതയെ വാർത്തെടുക്കുക

5 ആധുനിക സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിൽ ഗതകാല കാർഷിക സംസ്കാരത്തിലൂന്നിയ ജീവിതരീതി പുനരുജ്ജീവിക്കുക

6 ഭാരതീയ സാംസ്കാരിക പാരമ്പര്യത്തിന് പ്രാമുഖ്യം നല്കുക

## കാഴ്ചപ്പാട്

1 ഒരു കുട്ടി, ഒരു അധ്യാപിക, ഒരു പുസ്തകം, പിന്നെയൊരു പേന - ഇവയ്ക്ക് ഈ ലോകം മാറ്റി മറിയ്ക്കാൻ സാധിക്കും. യൂസഫ്സായ് മലാലയുടെ വാക്കുകൾ അന്വർത്ഥമാക്കുന്ന ഒരു വിദ്യാലയമാക്കി മാറ്റുക

2 ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അവരുടെ കഴിവിനനുസൃതമായി മികച്ച വിദ്യാലയം നല്കുക

3 സാമൂഹിക പ്രശ്നങ്ങളെ തന്റെ തന്നെ പ്രശ്നമായി ഉൾക്കൊണ്ടു കൊണ്ട് പ്രതികരിക്കാൻ പ്രാപ്തരാക്കുക

4 തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുക

5 പ്രകൃതിയുമായി ഇണങ്ങി ജീവിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക

6 കുട്ടികളിൽ സ്വാശ്രയ ശീലവും സ്വയം പര്യാപ്തതയും വളർത്തിയെടുക്കുക

7 മൂല്യബോധമുള്ള കുട്ടികളെ വളർത്തിയെടുക്കുക

## പദ്ധതി രൂപീകരണ പ്രക്രിയ

1 28.02.2025 നു നടന്ന എസ്.ആർ.ജി. യോഗത്തിൽ പ്രതീക്ഷ 2025 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കൽ

2 07.03.2025 നു പി.ടി.എ. എക്സിക്യൂട്ടീവിൽ ചർച്ച

3 വികസനാവശ്യങ്ങൾ അക്കാദമികം, ഭൗതികം, സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ 30.04.2025 ന് തയ്യാറാക്കുന്നു

4 30.05.2025 നു നടക്കുന്ന പി.ടി.എ. എക്സിക്യൂട്ടീവ് യോഗത്തിൽ അക്കാദമിക മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നു

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ലൈബ്രറി ശാക്തീകരണം. | • പ്രവർത്തന കലണ്ടർ | • റിട്ടയേർഡ് ജീവനക്കാരുടെ സേവനം |
| • പബ്ലിക്ക് ലൈബ്രറിയിൽ അംഗത്വമെടുക്കൽ. | • ചുറ്റുമതിൽ, ഗേറ്റ് ബലപ്പെടുത്തൽ | • പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം |
| • വായന പരിശീലനം. | • കളി സ്ഥലം, ഗ്യാലറി, ഇൻഡോർഗെയിംസ് സൗകര്യം | • ലൈബ്രറി സന്ദർശനം |
| • ഇംഗ്ലീഷ്, ഹിന്ദി, മലയാളം അസംബ്ളി, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ്സ്. | • ക്ലാസ്സ്മുറികൾ നവീകരണം, ഷെൽഫ് നിർമ്മാണം | • വിദ്യാലയ മികവുകൾ സമൂഹവുമായി പങ്കിടൽ |
| • റേഡിയോ പരിപാടി അവതരിപ്പിക്കൽ | • സ്മാർട്ട് ക്ലാസ്സ് റൂം (എ.സി) തയ്യാറാക്കൽ, മിനിതിയേറ്റർ | • സാമൂഹിക പ്രശ്നങ്ങളുടെ ബോധവത്ക്കരണം |
| • ക്ലാസ്സ് പി.ടി.എ | • ജൈവവൈവിധ്യ പാർക്ക് | • പഠനക്കൂട്ടം |
| • പ്രാദേശിക പി.ടി.എ | • ടോയ്ലെറ്റ് നവീകരണം ഇൻസിനറേറ്റർ ബൻഡിംഗ് മെഷീൻ | • ഭവന സന്ദർശനം |
| • പച്ചക്കറിത്തോട്ടം | • ജന്മദിനത്തിനൊരു പുസ്തകം | • ആഘോഷങ്ങളുടെ ജനകീയ പങ്കാളിത്തം |
| • ഗണിതലാബ് | • അടുക്കള നവീകരണം കലവറയോട് കൂടി | • സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സഹകരണം. |
| • ദിനാചരണങ്ങൾ | • ജന്മദിനത്തിനൊരു ചെടി, പൂച്ചട്ടി | • സാമൂഹികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള ധനസഹായം |
| • കായികപഠനം | • ഡൈനിംഗ് ഹാൾ നിർമ്മാണം | • വയോജനങ്ങളുടെ സംരക്ഷണം. |
| • കലാകായിക മേള | • ക്ലാസ്സ് റൂം കം റിസോഴ്സ് റൂം | • ഭിന്നശേഷിക്കാരായ കുട്ടികളുടെ സംരക്ഷണം |
| • ജൈവവൈവിധ്യ പാർക്ക് | • വരാന്തയിലെ ചുമരുകൾ ചിത്ര ചുമരുകളാക്കി നവീകരിക്കൽ | • അഭ്യസ്ഥ വിദ്യരായ യുവജനങ്ങളുടെ പങ്കാളിത്തം |
| • പ്രവൃത്തി പരിചയം | • സി.സി.റ്റി.വി ക്യാമറ സ്ഥാപിക്കൽ | • ഉച്ച ഭക്ഷണ വിതരണത്തിന് മാതൃസംഘടനയുടെ സഹകരണം |
| • പഠനയാത്രകൾ | • ബുള്ളറ്റിൻ, ഫ്ളിപ്പ് ബോർഡുകൾ | • നാടൻ പച്ചക്കറികളുടെ ശേഖരണം |
| • ഫ്ളാഷ് മോബ് | • പെൺകുട്ടികൾക്ക് അമിനിറ്റി സെന്റർ | |
| • പുസ്തക പ്രദർശനം | • മെഡിക്കൽ/ കൗൺസിലിംഗ് റൂം | |
| • ശില്പ ശാലകൾ | • മഴവെള്ള സംഭരണി | |
| • ലാംഗ്വേജ് ലാബ് | • ഓഫീസ് മുറി നവീകരിക്കൽ | |
| • ടാലന്റ് ലാബ് | • റെക്കോർഡ് റൂം, ക്യാബിനുകൾ | |

## അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| **ലൈബ്രറി ശാക്തീകരണം**<br>വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ജന്മദിനത്തിനൊരു പുസ്തകം<br>വിരമിച്ച അദ്ധ്യാപരിൽ നിന്നും പുസ്തകം ശേഖരിക്കൽ<br>പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ<br>രജിസ്റ്റർ സൂക്ഷിക്കൽ | ഒരു വർഷം | അദ്ധ്യാപകർ | സ്പോൺസർഷിപ്പ് |
| **പബ്ളിക് ലൈബ്രറിയിൽ അംഗത്വമെടുക്കൽ**<br>ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക<br>കൂടുതൽ എഴുത്തുകാരെയും അവരുടെ സൃഷ്ടികളെയും പരിചയപ്പെടുക | ലൈബ്രറി അംഗത്വമെടുക്കൽ<br>അഭിരുചിക്കനുസരിച്ച് പുസ്തകങ്ങൾ തെരഞ്ഞെടുക്കുക | വർഷം മുഴുവനും | ലൈബ്രേറിയൻ | |
| **വായനാപരിപോഷണം** | വായനാ വാരാചരണം<br>ക്ലാസ്സ് ലൈബ്രറി തയ്യാറാക്കൽ<br>ജന്മദിനത്തിനൊരു പുസ്തകം | 1 ആഴ്ച<br>1 മാസം<br>വർഷത്തിൽ ഒന്ന് | മലയാളം അദ്ധ്യാപകർ<br>ക്ലാസ്സ് ടീച്ചർ<br>വിദ്യാർത്ഥികൾ | രക്ഷിതാക്കൾ |
| **ഭാഷാപ്രാവീണ്യം കൈവരിക്കൽ**<br>**ഭാഷാ അസംബ്ലികൾ**<br>വിവിധ ഭാഷകളിൽ പ്രാവീണ്യം നേടുക<br>കുട്ടികളിൽ ആത്മവിശ്വാസവും അച്ചടക്കവും വളർത്തുക | ഇംഗ്ലീഷ്, മലയാളം,ഹിന്ദി ഭാഷകളിൽ ആഴ്ചയിൽ ഒരു അസംബ്ലി<br>കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ്സ് സംഘടിപ്പിക്കുക | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർമാർ | |
| **റേഡിയോ പരിപാടി അവതരണം**<br>കുട്ടികളുടെ സർഗശേഷികളുടെ പരിപോഷിപ്പിക്കൽ | സ്കൂൾ റേഡിയോയിലൂടെ പരിപാടികൾ അവതരിപ്പിക്കുന്നു. | ദിവസവും | അദ്ധ്യാപകർ | |
| | എഫ്.എം. റേഡിയോയിൽ വിവിധ പരിപാടികൾ അവതരിപ്പിക്കുന്നു. | വർഷത്തിൽ ഒരുപ്രാവശ്യം | ക്ലാസ്സ് ടീച്ചർമാർ | |
| **ക്ലാസ്സ് പി.ടി.എ**<br>കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ഓരോ മൂല്യനിർണ്ണയം കഴിയുമ്പോഴും യോഗം ചേർന്ന് കുട്ടികളുടെ മികവുകളും ദൗർബല്യങ്ങളും വിലയിരുത്തുന്നു. | ഒരു വർഷം | | |

| | | | | |
|---|---|---|---|---|
| **പ്രാദേശിക പി.ടി.എ**<br>പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പഠനം മെച്ചപ്പെടുത്തൽ | ക്ലാസ്സ് പി.ടി.എ യിൽ സംബന്ധിക്കാത്ത രക്ഷിതാക്കൾക്ക് അവരുടെ താമസസ്ഥലത്തോട് ചേർന്ന് വൈകുന്നേരങ്ങളിൽ യോഗം സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | എച്ച്.എം, ക്ലാസ്സ് ടീച്ചർമാർ | |
| **ഗണിതലാബ് നിർമ്മാണം**<br>ഗണിതശാസ്ത്ര അഭിരുചി വളർത്തിയെടുക്കാൻ ഗണിതപഠനം സുഗമമാക്കൽ | ഒരു ക്ലാസ്സ് മുറിയിൽ ഗണിത പഠനവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ സജ്ജീകരിക്കുന്നു.<br>ഗണിതക്ലാസ്സ് ലാബിൽ നടക്കുന്നു. | ഒരു വർഷം | ഗണിത ടീച്ചർ<br>ഗണിത ക്ലബ്<br>എസ്.ആർ.ജി | സ്പോൺസർഷിപ്പ് |
| **പച്ചക്കറിത്തോട്ടം**<br>കുട്ടികളിൽ കാർഷിക അഭിരുചി വളർത്തുക<br>ജൈവ പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുക<br>ഉച്ചഭക്ഷണം സമീകൃതമാക്കുക | സ്കൂളിലെ സൗകര്യപ്രദമായ സ്ഥലത്ത് പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നു.<br>ചെടികളെ പരിപാലിക്കുന്നു. | വർഷം മുഴുവനും | പരിസ്ഥിതി ക്ലബ് | കൃഷി ഭവനുകൾ<br>സ്പോൺസർഷിപ്പ് |
| **കായിക പരിശീലനം**<br>കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം<br>കുട്ടികൾക്ക് ലഘുഭക്ഷണം നൽകൽ | ആഴ്ചയിൽ (3 ദിവസം) | പി.ടി.എ<br>കായിക അദ്ധ്യാപകൻ | സ്പോൺസർഷിപ്പ് |
| **കലാ-കായിക മേളകൾ**<br>കലാപരവും ഭാഷാപരവുമായ വളർച്ച<br>വിവിധശേഷികളുടെ വികസനം | സ്കൂൾ, സബ്ജില്ല, ജില്ലാ സംസ്ഥാന മത്സരങ്ങളിൽ പങ്കെടുക്കുന്നു.<br>അനുഭവങ്ങൾ പങ്കിടുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി<br>എച്ച്.എം<br>എസ്.എം.സി | സ്പോൺസർഷിപ്പ് |
| **പുസ്തക പ്രദർശനം**<br>എഴുത്തുകാരേയും അവരുടെ സൃഷ്ടികളെയും പരിചയപ്പെടൽ | പുതിയതും പഴയതുമായ എഴുത്തുകാരുടെ രചനകൾ പരിചയപ്പെടുത്തുന്നു.<br>മത്സരങ്ങളിൽ പങ്കെടുക്കുന്നു. | ആവശ്യത്തിന് | വിദ്യാരംഗം<br>കലാസാഹിത്യവേദി | |
| **ശില്പശാലകൾ**<br>സർഗ്ഗാത്മക രചനകളിൽ ഏർപ്പെടൽ അവസരമൊരുക്കൽ<br>വായനാ സാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ്/ കവിയരങ്ങ്/ രചനാ ശില്പശാല എന്നിവ സംഘടിപ്പിക്കൽ<br>രൂപപ്പെടുന്ന ഉൽപന്നങ്ങൾ പഠനസാമഗ്രികളായി ഉപയോഗിക്കുക | വർഷം മുഴുവനും | വിദ്യാരംഗം<br>കലാസാഹിത്യവേദി | |
| **ശാസ്ത്രലാബിനെ സജ്ജീകരിക്കൽ** | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ്, കെമിസ്ട്രി. ബയോളജി എന്നിങ്ങനെ ഇനം തിരിച്ച് ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| **പഠനയാത്രകൾ**<br>നേരറിവ് ലഭ്യമാക്കൽ ശാസ്ത്രീയ അഭിരുചി വളർത്തൽ, കാഴ്ചപ്പാടുകളുടെ രൂപീകരണം | ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു, വ്യവസായശാലകൾ, വിനോദ കേന്ദ്രങ്ങൾ എന്നിവ സന്ദർശിക്കുന്നു. നോട്ടുകൾ കുറിക്കുന്നു. അനുഭവങ്ങൾ പങ്കിടുന്നു. | വർഷത്തിൽ രണ്ടോ മൂന്നോ തവണ | അദ്ധ്യാപകർ | രക്ഷിതാക്കൾ സ്പോൺസർഷിപ്പ് |
| **ദിനാചരണങ്ങൾ**<br>വിവിധ ശേഷികളുടെ വികസനം<br>സാമൂഹിക അവബോധം സൃഷ്ടിക്കൽ | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി യിൽ രൂപപ്പെടുന്നു.<br>നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്.ആർ.ജി | |
| **ലഹരിവിരുദ്ധ ക്ലബ്ബ്**<br>ആരോഗ്യമുള്ള കുട്ടികളെ വാർത്തെടുക്കുക. | ലഹരി വിരുദ്ധ ക്ലബ്ബ് രൂപീകരണം<br>ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.<br>പോസ്റ്റർ രചന<br>കയ്യെഴുത്തു മാസിക പ്രസിദ്ധീകരണം<br>ഹ്രസ്വചിത്ര പ്രദർശനം<br>പൊതുജനങ്ങളുമായുള്ള സംവാദം<br>വ്യക്തിഗത കൗൺസിലിങ്ങ്<br>ഗ്രൂപ്പ് കൗൺസിലിങ്ങ്<br>സൈക്കോളജിസ്റ്റിന്റെ സേവനം പ്രയോജനപ്പെടുത്തുന്നു. | എസ്.ആർ.ജി ക്ലബ്ബ് | വിവിധ ഏജൻസികൾ സ്പോൺസർഷിപ്പ് | |
| **മൂല്യബോധമുള്ള തലമുറയെ വളർത്തിയെടുക്കുക** | പ്രത്യേകം പരിശീലനം നേടിയ അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തുന്നു. | | | |
| **CWSN** കുട്ടികൾക്കുള്ള വിദ്യാഭ്യാസം | ജീവിത നൈപുണ്യ പരിശീലനം ഉറപ്പാക്കുന്നു.<br>എല്ലാ സ്കൂൾ പ്രവർത്തനങ്ങളിലും പങ്കാളിത്തം നൽകുന്നു.<br>ഭവന സന്ദർശനം നടത്തുന്നു. | എസ്.ആർ.ജി<br>വിവിധ ക്ലബ്ബുകൾ<br>ക്ലാസ്സ് അദ്ധ്യാപകർ | സ്പോൺസർഷിപ്പ് | |
| **കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പരിശീലനം** | കമ്മ്യൂണികേറ്റീവ് ഇംഗ്ലീഷ് ക്ലാസ്സുകൾ പ്രഭാഷണങ്ങൾ<br>വീഡിയോ പ്രദർശനങ്ങൾ<br>ഡിബേറ്റ്,<br>ഉപന്യാസമത്സരങ്ങൾ | ഭാഷാ അദ്ധ്യാപകർ | സ്പോൺസർഷിപ്പ് | |

## ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| **പ്രവർത്തനകലണ്ടർ** ചിട്ടയായ പ്രവർത്തന മികവിലേക്ക് നയിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ സ്കൂളിൽ നടപ്പാക്കേണ്ട വിവിധ കാര്യപരിപാടികളുടെ ക്രമീകരണം | 1 വർഷം | അദ്ധ്യാപകർ (എസ്.ആർ.ജി) | |
| **ചുറ്റുമതിൽ ഗേറ്റ് ബലപ്പെടുത്തൽ** സുരക്ഷിത വിദ്യാലയം | ചുറ്റുമതിൽ നവീകരണം, ഗേറ്റ് നിർമ്മാണം | 2 വർഷം | പി.ടി.എ എസ്.എം.സി | ത്രിതല പഞ്ചായത്ത് എം.പി, എം.എൽ.എ ഫണ്ട് |
| **കളിസ്ഥലം, ഗ്യാലറി ഇൻഡോർ സ്റ്റേഡിയം നിർമ്മാണം** കുട്ടികളുടെ കായികശേഷി വർദ്ധിപ്പിക്കൽ | കായിക പരിശീലനം കാര്യക്ഷമമാക്കുക, അച്ചടക്കം പരിപാലിക്കുക, കുട്ടികളിൽ വിജ്ഞാനവും വിനോദവും വളർത്താനുള്ള ചെസ്സ്, ക്യാരംസ് എന്നിവ കളിയ്ക്കാൻ ഉള്ള സൗകര്യം | 3വർഷം | ത്രിതല പഞ്ചായത്ത്, പി.ടി.എ, എസ്.എം.സി | ത്രിതല പഞ്ചായത്ത്, വിവിധ സംഘടനകൾ |
| **ക്ലാസ്സ്മുറികൾ നവീകരണം, ഷെൽഫ് നിർമ്മാണം** | അലമാരകൾ നിർമ്മിക്കുക, ബുള്ളറ്റിൻ ബോർഡുകൾ സ്ഥാപിക്കുക, പഠനോപകരണങ്ങൾ സജ്ജമാക്കുക | 1 വർഷം | പി.ടി.എ, എസ്.എം.സി, ജില്ലാ പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത്, വിവിധ സംഘടനകൾ |
| **സ്മാർട്ട് ക്ലാസ്സ് റൂം എ.സി** | മികച്ച പഠനോപകരണങ്ങൾ, കമ്പ്യൂട്ടർ സൗകര്യം, ലൈറ്റ്, ഫാൻ, ഷെൽഫ്, ഓരോ കുട്ടിക്കും ഇരുന്ന് പഠിക്കാൻ ആവശ്യമായ മേശ,. കസേര | 1 വർഷം | എസ്.എം.സി, ജില്ലാ പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത്, വ്യവസായ ഗ്രൂപ്പ്, സഹകരണസ്ഥാപനങ്ങൾ |

| | | | | |
|---|---|---|---|---|
| **ടോയ്‌ലറ്റ് നവീകരണം** ശുചിത്വം ഉറപ്പാക്കുക | ജലലഭ്യത ഉറപ്പാക്കുക, നാപ്കിൻ വെന്റിങ്ങ് മെഷീൻ സ്ഥാപിക്കുക, ഇൻസിനറേറ്റർ സ്ഥാപിക്കുക | 1 വർഷം | എസ്.എം.സി, ജില്ലാ പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് |
| **അടുക്കള നവീകരണം** വൃത്തിയും പോഷകസമൃദ്ധമയ ആഹാരം നൽകൽ | കലവറ, ഊണ് മുറി, ആവശ്യത്തിന് ജല ലഭ്യത | 2 വർഷം | ജില്ലാ പഞ്ചായത്ത്, വ്യവസായ കമ്പനികൾ | ജില്ലാ പഞ്ചായത്ത്, സഹകരണസ്ഥാപനങ്ങൾ |
| **ജന്മദിനത്തിനൊരു പുസ്തകം** | ജന്മദിനത്തിന് ക്ലാസ്സ് ലൈബ്രറിയിലേക്ക് ഒരു പുസ്തകം | 1 വർഷം | വിദ്യാർത്ഥി | രക്ഷിതാവ് |
| **സ്റ്റാഫ് റൂം കം റിസോഴ്സ് റൂം** | അലമാരകൾ, കമ്പ്യൂട്ടർ പ്രൊജക്ടർ, വൈറ്റ് ബോർഡ്, ടോയ്‌ലറ്റ് സൗകര്യം | 1 വർഷം | ത്രിതല പഞ്ചായത്ത് | ത്രിതല പഞ്ചായത്ത് |
| **സി.സി.റ്റി.വി ക്യാമറ സ്ഥാപിക്കുക** | സ്കൂളിന്റെ സുരക്ഷിതത്വം ഉറപ്പു വരുത്തുക | 2 വർഷം | എം.പി ഫണ്ട്, എം.എൽ.എ ഫണ്ട് | സ്പോൺസർഷിപ്പ് |
| **ജൈവവൈവിധ്യ പാർക്ക്** പ്രകൃതിയെ അടുത്ത് അറിയുക | ജൈവ പച്ചക്കറിത്തോട്ടം, നക്ഷത്രവനം, ഔഷധച്ചെടികൾ നട്ടുപിടിപ്പിക്കൽ | 1 വർഷം മുതൽ 2 വർഷം വരെ | പരിസ്ഥിതി ക്ലബ്ബ്, എസ്.ആർ.ജി, പൂർവ്വ വിദ്യാർത്ഥികൾ | സ്പോൺസർഷിപ്പ് |
| **അമിനിറ്റി സെന്റർ** പെൺകുട്ടികൾക്ക് സുരക്ഷിതത്വം ഉറപ്പാക്കൽ | ടോയ്‌ലറ്റ്, വിശ്രമമുറി, കുടിവെള്ള സൗകര്യം, അത്യാവശ്യം മരുന്നുകൾ എന്നിവ ഒരുക്കുന്നു. | 1 വർഷം | എസ്.ആർ.ജി, എസ്.എം.സി | ത്രിതല പഞ്ചായത്ത് |
| **മഴവെള്ള സംഭരണി** വർഷം മുഴുവൻ ശുദ്ധ ജല ലഭ്യത ഉറപ്പാക്കുക | സ്കൂൾ കോമ്പൗണ്ടിൽ മഴവെള്ള സംഭരണി നിർമ്മിക്കുക | 1 വർഷം | എസ്.എം.സി | സ്പോൺസർഷിപ്പ് |
| **ഓഫീസ്മുറി നവീകരണം** സ്കൂൾ ആകർഷകമാക്കൽ, സുരക്ഷിതത്വം | സ്കൂൾ മേധാവികൾക്ക് ഇരിക്കാൻ ഉള്ള ക്യാമ്പിനുകൾ, റെക്കോർഡ് റൂം, അലമാരകൾ, ബുള്ളറ്റിൻ ബോർഡ്, പ്രദർശന ബോർഡ് | 5 വർഷം | ത്രിതല പഞ്ചായത്ത്, വിവിധ സർക്കാർ ഏജൻസികൾ | എം.പി ഫണ്ട്, എം.എൽ.എ ഫണ്ട്, സ്പോൺസർഷിപ്പ് |

| | | | | |
|---|---|---|---|---|
| | എന്നിവയുടെ നിർമ്മാണം | | | |
| **മാലിന്യ സംസ്ക്കരണം** ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവമാലിന്യങ്ങൾ വളമാക്കി മാറ്റുന്നതിനുള്ള സംവിധാനം ഒരുക്കുന്നു. അജൈവ മാലിന്യം പ്രത്യേകം സൂക്ഷിക്കുന്നു. | 1 വർഷം | പരിസ്ഥിതി ക്ലബ്ബ് | കൃഷിഭവൻ ജില്ലാ പഞ്ചായത്ത് വിവിധ ഏജൻസികൾ |

## സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| **പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ** സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളായി പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ. അവരുടെ മുമ്പിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ/ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ രണ്ട് പ്രാവശ്യം | എസ്.എസ്.ജി, ഒ.എസ്.എ | ഒ.എസ്.എ |
| **വായനക്കൂട്ടം** വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കിടൽ | വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ, രക്ഷിതാക്കൾ, നാട്ടിലെ വായനാതത്പരർ എന്നിവയ്ക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി വായിക്കാൻ നൽകൽ, നല്ല വായനക്കാരെ ആദരിക്കൽ | ആവശ്യാനുസരണം | ലൈബ്രേറിയൻ | |
| **ബോധവത്കരണ ക്ലാസ്സുകൾ** കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ സാമൂഹിക പ്രശ്നങ്ങളിൽ ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുന്നു. | വർഷത്തിൽ 2-3 തവണ | വിവിധ ക്ലബ്ബുകൾ | |
| **പൂർവ്വ അദ്ധ്യാപക സംഗമം** സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ വിദ്യാലയ പ്രവർത്തനങ്ങളിൽ സഹായിക്കുക, നേതൃത്വം നൽകുക. | ആവശ്യമുള്ളപ്പോൾ | എസ്.എം.സി | |

| | | | | |
|---|---|---|---|---|
| **ഭവന സന്ദർശനം**<br>ഗാമൂഹികമായും സാമ്പത്തികമായും ഒറ്റപ്പെട്ട് നിൽക്കുന്നവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക | സ്കൂളികളിൽ ഹാജരാകാത്ത രക്ഷിതാക്കളെ കണ്ട് ബന്ധങ്ങൾ ശക്തമാക്കുക വേണ്ട സഹായങ്ങൾ ഉറപ്പാക്കുക. മാനസിക പിന്തുണ ഉറപ്പാക്കുക. | ആവശ്യമുള്ളപ്പോൾ | എച്ച്.എം, അദ്ധ്യാപകർ, സഹപാഠികൾ | സ്പോൺസർഷിപ്പ് |
| **ആഘോഷങ്ങളുടെ ജനകീയ പങ്കാളിത്തം**<br>വിദ്യാലയവും സമൂഹവും തമ്മിലുള്ള ബന്ധം ശക്തമാക്കൽ | ദേശീയ ഉത്സവങ്ങൾ പി.റ്റി.എ യുടെ സഹകരണത്തോടെ ആഘോഷിക്കുന്നു. കുട്ടികൾക്ക് സമ്മാനങ്ങൾ നൽകുന്നു. | ആവശ്യമുള്ളപ്പോൾ | എസ്.എം.സി | സ്പോൺസർഷിപ്പ് |
| **വയോജനസംരക്ഷണം**<br>മൂല്യബോധം വളർത്തുക | വൃദ്ധസദനങ്ങൾ സന്ദർശിക്കുക, ധനസഹായങ്ങൾ നൽകുന്നു. കലാപരിപാടികൾ അവതരിപ്പിക്കുന്നു. | ആവശ്യമുള്ളപ്പോൾ | പി.ടി.എ, വിദ്യാർത്ഥികൾ | കുട്ടികളും അദ്ധ്യാപകരും രക്ഷിതാക്കളും |
| **ഭിന്നശേഷിക്കാരായ കുട്ടികളുടെ സംരക്ഷണം**<br>മൂല്യബോധം വളർത്തുക | ഭിന്നശേഷിക്കാരായ കുട്ടികളുടെ ദൈനംദിന കാര്യങ്ങളിൽ സഹായിക്കുന്നു. രക്ഷിതാക്കളെ സഹായിക്കുന്നു. | ആവശ്യമുള്ളപ്പോൾ | അദ്ധ്യാപകർ | അദ്ധ്യാപകരും രക്ഷിതാക്കളും |
| **നാടൻ പച്ചക്കറികളുടെ ശേഖരണം**<br>ഉച്ചഭക്ഷണം വിഷരഹിതവും പോഷകസമൃദ്ധവുമാക്കുക | രക്ഷിതാക്കളുടെ സഹായത്തോടെ നാടൻ പച്ചക്കറികൾ ശേഖരിച്ച് ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്തുക | വർഷം മുഴുവൻ | മാതൃസംഘടന, ഉച്ചഭക്ഷണസമ്മിറ്റി | സർക്കാർ സഹായ സ്പോൺസർഷിപ്പ് |
| **പ്ലാസ്റ്റിക് രഹിത സ്കൂളും വീടും**<br>കുട്ടികൾ ഇടപെടുന്ന പരിസരത്തെ പ്ലാസ്റ്റിക് വിമുക്തമാക്കുക | പ്ലാസ്റ്റിക് വസ്തുക്കൾ നിരുത്സാഹപ്പെടുത്തുക. റീസൈക്ലിംഗ് പ്രോത്സാഹിപ്പിക്കുക പരിസ്ഥിതി സൗഹൃദവസ്തുക്കൾ കുട്ടികൾക്ക് പരിചയപ്പെടുത്തുക | വർഷം മുഴുവൻ | വിവിധ ക്ലബ്ബുകൾ | |

## GRADE ANALYSIS

| Class | Grade | Mal I | Mal II | Eng | Hin | SS | BS | Maths | IT |
|---|---|---|---|---|---|---|---|---|---|
| V | A | 4 | 4 | 2 | 5 | 4 | 9 | 4 | - |
| | B | 3 | 2 | 5 | 2 | 3 | - | 3 | - |
| | C | 2 | 3 | 1 | 1 | 1 | - | 2 | - |
| | D | - | - | 1 | 1 | 1 | - | - | - |
| | E | - | - | - | - | - | - | - | - |
| | Total | 9 | 9 | 9 | 9 | 9 | 9 | 9 | - |
| | Absentees | - | - | - | - | - | - | - | - |
| VI | A | 8 | 8 | 10 | 8 | 10 | 9 | 9 | - |
| | B | 7 | 8 | 6 | 8 | 6 | 9 | 8 | - |
| | C | 5 | 5 | 4 | 4 | 5 | 3 | 3 | - |
| | D | 1 | - | 1 | 1 | - | - | 1 | - |
| | E | - | - | - | - | - | - | - | - |
| | Total | 21 | 21 | 21 | 21 | 21 | 21 | 21 | - |
| | Absentees | - | - | - | - | - | - | - | - |
| VII | A | 10 | 10 | 8 | 10 | 7 | 8 | 6 | - |
| | B | 6 | 5 | 6 | 6 | 8 | 7 | 8 | - |
| | C | 6 | 7 | 6 | 4 | 5 | 5 | 4 | - |
| | D | 3 | 3 | 5 | 5 | 5 | 5 | 7 | - |
| | E | 0 | 0 | 0 | 0 | 0 | 0 | 0 | - |
| | Total | 25 | 25 | 25 | 25 | 25 | 25 | 25 | - |
| | Absentees | - | - | - | - | - | - | - | - |
| VIII | A | 14 | 15 | 12 | 10 | 10 | 12 | 10 | 26 |
| | B | 6 | 7 | 6 | 5 | 6 | 8 | 6 | 2 |
| | C | 5 | 4 | 4 | 4 | 6 | 3 | 6 | - |
| | D | 3 | 2 | 6 | 9 | 6 | 5 | 6 | - |
| | E | 0 | 0 | 0 | 0 | 0 | 0 | 0 | - |
| | Total | 28 | 28 | 28 | 28 | 28 | 28 | 289 | 28 |
| | Absentees | - | - | - | - | - | - | - | |

| Class | Grade | Mal I | Mal II | Eng | Hin | SS | Phy | Che | Bio | Maths | IT |
|---|---|---|---|---|---|---|---|---|---|---|---|
| IX | A+ | 13 | 14 | 10 | 11 | 9 | 14 | 13 | 12 | 12 | 25 |
| | A | 7 | 6 | 5 | 6 | 5 | 6 | 7 | 6 | 5 | 4 |
| | B+ | 5 | 5 | 5 | 3 | 2 | 2 | 3 | 2 | 3 | - |
| | B | 1 | 2 | 3 | 5 | 3 | 3 | 2 | 5 | 5 | - |
| | C+ | 2 | 1 | 2 | 2 | 3 | 2 | 2 | 2 | 2 | - |
| | C | 1 | 1 | 3 | 1 | 4 | 2 | 2 | 2 | 2 | - |
| | D+ | - | - | 1 | 1 | 3 | - | - | - | - | - |
| | D | - | - | - | - | - | - | - | - | - | - |
| | E | - | - | - | - | - | - | - | - | - | - |
| | Total | 29 | 29 | 29 | 29 | 29 | 29 | 29 | 29 | 29 | 29 |
| | Absentees | - | - | - | - | - | - | - | - | - | - |

| Class | Grade | Mal I | Mal II | Eng | Hin | SS | Phy | Che | Bio | Maths | IT |
|---|---|---|---|---|---|---|---|---|---|---|---|
| X | A+ | 17 | 25 | 9 | 19 | 6 | 21 | 18 | 17 | 15 | 28 |
| | A | 4 | 1 | 5 | 4 | 6 | 5 | 9 | 7 | 3 | - |
| | B+ | 4 | 2 | 7 | 1 | 6 | 2 | - | 3 | 5 | - |
| | B | 2 | - | 3 | 2 | 6 | - | - | 1 | 3 | - |
| | C+ | 1 | - | 2 | 1 | 4 | - | 1 | - | 2 | - |
| | C | - | - | 2 | 1 | 1 | - | - | - | 1 | - |
| | D+ | - | - | - | - | 1 | - | - | - | - | - |
| | D | - | - | - | - | - | - | - | - | - | - |
| | E | - | - | - | - | - | - | - | - | - | - |
| | Total | 28 | 28 | 28 | 28 | 28 | 28 | 28 | 28 | 28 | 28 |
| | Absentees | - | - | - | - | - | - | - | - | - | - |

# RESULT ANALYSIS - UP 2024-25

| പ്രശ്നം | പരിഹാരമാർഗ്ഗങ്ങൾ | സമയം | ഉത്തരവാദിത്വം |
|---|---|---|---|
| **English**<br>1. Cannot frame a meaningful sentence.<br>2. Unable to sequence ideas<br>3. Social backwardness<br>4. Lack of interaction | Provide sufficient reading materials like stories and picture stories.<br><br>Give emphasis to basic grammar | 1hour in the afternoon | Subject Teacher |
| **Malayalam**<br>1. ചിഹ്നങ്ങൾ ഉറയ്ക്കാത്ത അവസ്ഥ<br>2. സന്ദർഭം വിശകലനം ചെയ്ത് നിഗമനത്തിൽ എത്താൻ കഴിയായ്ക | ശ്രദ്ധ, മലയാളത്തിളക്കം എന്നിവയിലൂടെ പ്രത്യേകം പരിശീലനം നൽകുന്നു. | 3.45-4.30 വരെ | പരിശീലനം സിദ്ധിച്ച അദ്ധ്യാപിക |
| **Hindi**<br>1. ഒന്നാം ക്ലാസ്സ് മുതൽ ഹിന്ദി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം | ചെറിയ വിഷയം കൊടുത്ത് കഥ, കവിത എന്നിവ എഴുതിച്ച് കുട്ടികൾക്ക് വിഷയത്തിൽ താൽപര്യം ഉണ്ടാക്കണം | ഒഴിവ് സമയം | അദ്ധ്യാപിക |
| | പാഠഭാഗത്തെ ആസ്പദമാക്കി ഡിക്ഷണറി നിർമ്മിക്കുന്നു. വായനാ മത്സരം നടത്തുന്നു. വായിക്കാൻ ബുദ്ധിമുട്ടുള്ളവർക്ക് പ്രത്യേകം ക്ലാസ്സുകൾ നല്കുന്നു. | ഉച്ചസമയത്തെ ഇടവേളയിൽ | ഹിന്ദി അദ്ധ്യാപിക |
| **Social Science**<br>1. സാമൂഹ്യാവബോധം കുറവ്<br>2. വായനാശീലം കുറവ്<br>3. സാമൂഹ്യമായും സാമ്പത്തികമായും ഉള്ള പിന്നോക്കാവസ്ഥ | ഐ.സി.റ്റി സാധ്യതകൾ പ്രയോജനപ്പെടുത്തുക പഠനയാത്രകളും പ്രദർശനങ്ങളും സംഘടിപ്പിക്കുക | രാവിലെ 9.30-10.00 | സോഷ്യൽ സയൻസ് അദ്ധ്യാപിക |

| | | | |
|---|---|---|---|
| **Basic Science**<br>1. ശാസ്ത്രത്വം നിത്യജീവിതവുമായി കൂട്ടിയിണക്കാനും പ്രയോഗത്തിൽ വരുത്താനുമുള്ള കഴിവ് കുറവ്<br>2. പരീക്ഷണ ഫലങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിലെത്താനുള്ള കഴിവ് കുറവ് | പരീക്ഷണങ്ങൾ സ്വയം ചെയ്ത് നിഗമനത്തിലെത്താൻ പ്രാപ്തരാക്കുക<br>സ്വന്തമായി പരീക്ഷണകിറ്റുകൾ ഒരോ കുട്ടിക്കും ഉണ്ടായിരിക്കണം.<br>ഓരോ ക്ലാസ്സും പ്രവർത്തനാധിഷ്ഠിതമാക്കുക<br>പരിസരനിരീക്ഷണ പഠനത്തിന് അവസരം നല്കുക<br>ഒരു യൂണിറ്റിലെ പഠന പ്രവർത്തനങ്ങൾ ഒറ്റക്കും കൂട്ടായും ചെയ്യുന്ന രീതിയിൽ ക്രമീകരിക്കുക.<br>ഐ.സി.റ്റി സാധ്യതകൾ പ്രയോജനപ്പെടുത്തുക | ഒഴിവു സമയം | സയൻസ് അദ്ധ്യാപിക |
| **Mathematics**<br>1. പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് ഗുണനപട്ടിക ഹൃദ്യസ്ഥമാക്കാൻ കഴിയുന്നില്ല<br>2. ചതുഷ് ക്രിയകളുടെ പ്രയോഗം അറിയില്ല<br>3. പഠനത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കുട്ടികൾക്ക് സാധിക്കുന്നില്ല.<br>4. സംഖ്യാവബോധം കുറവ്<br>5. കുടുംബ സാഹചര്യം<br>6. നിരന്തര പരിശീലനത്തിന്റെ അഭാവം (ഗൃഹപാഠം) | ഗ്രൂപ്പുകളായി തിരിഞ്ഞ് സമർത്ഥരായ കുട്ടികളെ കൊണ്ട് പിന്നോക്കക്കാർക്ക് ക്ലാസ്സ് എടുപ്പിക്കുക.<br>ആത്മവിശ്വാസം വർദ്ധിപ്പിക്കാൻ കഴിയുന്ന വിധം കുട്ടിയെ പരിഗണിച്ച് അദ്ധ്യയനം നടത്തുക.<br>നിത്യജീവിതവുമായി ബന്ധപ്പെട്ട ഉദാഹരണം നൽകുക.<br>ടീം ടിച്ചിംങ്ങ് ഉപയോഗപ്പെടുത്തുക<br>നിരന്തര പരിശീലനം നൽകുക.<br>ഐ.സി.റ്റി സാധ്യതകൾ പ്രയോജനപ്പെടുത്തുക | രാവിലെ 9.30-10.00<br>വൈകിട്ട് 3.45-4.15 | ഗണിത അദ്ധ്യാപകൻ<br>സമർത്ഥരായ വിദ്യാർത്ഥികൾ |

# HS RESULT ANALYSIS 2024-25

**English I**

| **Problem** | **Remedial Measure** | **Time** | **Responsibility** |
|---|---|---|---|
| Spelling Mistake | Puzzls, Riddles, Word game, Word sum, baby word construction, Word card Preparation | Evening Time | Teacher |
| Cannot frame Meningful Sentence | Provide enough reading materials like newspapers, story books, pictures for description suitable use of ICT | Evening Morning Saturday | Teacher |
| Tense, prepositions etc | Using suitable classroom situations worksheet on the basis of simple theme. They make small conversations depend on pictures simple story construction. Description from story find noun, verb, adjective, adverb etc, worksheet | Evening Morning | Language Techer |
| Compreehension | Provide enough material and practice ICT use worksheet | Evening Morning Saturday | Language Techer |

**Hindi II**

| പ്രശ്നം | പരിഹാരമാർഗ്ഗങ്ങൾ | സമയം | ഉത്തരവാദിത്വം |
|---|---|---|---|
| ചിഹ്നങ്ങൾ ഉപയോഗിക്കേണ്ട വിധം അറിയില്ല | അക്ഷരങ്ങൾ കൂട്ടി വായിപ്പിക്കാൻ ഫ്ളാഷ് കാർഡുകൾ ഉപയോഗിക്കുന്നു. | രാവിലെയും വൈകുന്നേരവും | അദ്ധ്യാപിക വിദ്യാർത്ഥികൾ |
| വായനയിൽ പിന്നോക്കം | ചിത്രങ്ങളോടുകൂടിയ ഹിന്ദി പുസ്തകം വായിപ്പിക്കുന്നു. കഥകളും കവിതകളും വായിച്ച് കൊടുത്ത് വായന പരിശീലിപ്പിക്കുന്നു. ഹിന്ദി അസംബ്ലി ചെയ്യിക്കുന്നു. | ശനിയാഴ്ചകൾ | |
| വ്യാകരണം അറിവ് കുറവ് | നാമം, സർവ്വനാമം,പ്രത്യയങ്ങൾ, സഹായക്രിയകൾ പഠിപ്പിക്കുന്നു. ചെറിയ ചോദ്യത്തിന്റെ സഹായം കുട്ടികൾക്ക് ഉപകാരപ്പെടുന്നു. വായിച്ചിട്ട് വിശകലനം ചെയ്യുന്നു. ശേഷം കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു | രാവിലെയും വൈകുന്നേരവും | അദ്ധ്യാപിക വിദ്യാർത്ഥികൾ എസ്.ഐ.റ്റി.സി മാർ |
| എഴുതാനുള്ള ശേഷിക്കുറവ് | ചെറിയ വിഷയങ്ങളെ കൊടുത്ത് കവിതകൾ എഴുതിക്കുന്നു. കഥകൾ എഴുതിക്കുന്നു. തെറ്റ് തിരുത്തുന്നു. ലെറ്റർ, പത്രവാർത്ത, പോസ്റ്റർ ഇവ എഴുതിക്കുന്നു. ഡിഷ്ണറി ഉപയോഗിച്ച് അർത്ഥം കണ്ടെത്തുന്നു. | | |


| | | | |
|---|---|---|---|
| **മലയാളം**<br>1.ചിഹ്നങ്ങൾ ഉറയ്ക്കാത്ത അവസ്ഥ<br>2. സന്ദർഭം വിശകലനം ചെയ്ത് നിഗമനത്തിൽ എത്താൻ കഴിയായ്ക | ശ്രദ്ധ, മലയാളത്തിളക്കം എന്നിവയിലൂടെ പ്രത്യേകം പരിശീലനം നൽകുന്നു. | 3.45 -4.30 വരെ | പരിശീലനം സിദ്ധിച്ച അദ്ധ്യാപകർ |
| **ഊർജ്ജതന്ത്രം**<br>**ക്ലാസ്സ് 10**<br>ട്രാൻസ്ഫോർമറുമായി ബന്ധപ്പെട്ട പ്രശ്ന നിർദ്ധാരണം<br>താപവുമായി ബന്ധപ്പെട്ട പ്രശ്ന നിർദ്ധാരണം<br>സെൽഫ് ഇൻഡക്ഷനുമായി ബന്ധപ്പെട്ട ആശയത്തിൽ കുട്ടികൾക്ക് അവ്യക്തത | പത്താംക്ലാസ്സിലെ കുട്ടികളെ 3 ബാച്ചുകളായി തിരിച്ച് അധിക പരിശീലനം നല്കുന്നു.<br>കൂടുതൽ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്തു.<br>വർക്ക് ഷീറ്റുകൾ നല്കി.<br>മ്യൂച്ചൽ ഇൻഡക്ഷൻ, സെൽഫ് ഇൻഡക്ഷൻ എന്നീ പ്രതിഭാസങ്ങളുമായി ബന്ധപ്പെട്ട കൂടുതൽ വിശദീകരണങ്ങൾ ഐ.സി.റ്റി സഹായത്തോടെ നല്കി.<br>ലാബ് പ്രവർത്തനങ്ങൾ നല്കി. മുൻകാല ചോദ്യ പേപ്പറുകൾ | രാവിലെ 9-10<br>ഉച്ചയ്ക്ക് 1.15-1.45<br>വൈകിട്ട് 3.45-4.45<br>ശനിയാഴ്ചകൾ പ്രയോജനപ്പെടുത്തൽ | അദ്ധ്യാപകർ<br>സഹപാഠിതാക്കൾ<br>സമഗ്രപോർട്ടൽ<br>വീഡിയോകൾ |
| **ക്ലാസ്സ് 9**<br>പ്രവേഗ-സമയ ഗ്രാഫിനെ അടിസ്ഥാനമാക്കിയുള്ള പ്രശ്നനിർധാരണം<br>'g'യുടെ വിലയുടെ അടിസ്ഥാനത്തിൽ വ്യത്യസ്ത ആകാശഗോളങ്ങളിൽ ഒരു വസ്തുവിന്റെ മാസ് കണകാക്കാൽ | ഗ്രാഫിനെ അടിസ്ഥാനമാക്കി കൂടുതൽ പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ<br>വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കൂടുതൽ ഉദാഹരണങ്ങൾ നല്കുന്നു. | രാവിലെ 9.30-10<br>വൈകിട്ട് 3.45-4.15 | അദ്ധ്യാപകർ<br>സഹപഠിതാക്കൾ<br>ഐ.സി.റ്റി |
| **ക്ലാസ്സ് 8**<br>കാന്തിക ബലരേഖകളുടെ ദിശ വ്യക്തമാക്കി വരയ്ക്കാൻ കഴിയുന്നില്ല.<br>വ്യാപകമർദ്ദവുമായി ബന്ധപ്പെട്ട പ്രശ്നനിർദാരണം | വ്യക്തിഗതമായി ബലരേഖകൾ കുട്ടികളെകൊണ്ടു വരപ്പിയ്ക്കൽ<br>ഐ.സി.റ്റി ഷീറ്റുകൾ ചെയ്യിക്കൽ സമഗ്രപോർട്ടൽ ഉപയോഗപ്പെടുത്തൽ | | |
| **രസതന്ത്രം**<br>**ക്ലാസ്സ് 10**<br>മോൾ സല്പനവുമായി ബന്ധപ്പെട്ട പ്രശ്നനിർദ്ധാരണം<br>അറ്റോമിക മാസ്, മോളിക്യൂലാർ മാസ്, മോളുകളുടെ എണ്ണം, മോളാർ വ്യാപ്തം ഇവ തമ്മിലുള്ള പരസ്പരബന്ധം വ്യക്തമല്ല. | ബാച്ചുതിരിച്ചുള്ള അധിക പരിശീലനത്തിനു പുറമെ വർക്ക് ഷിറ്റുകൾ, കൂടുതൽ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണംചെയ്യൽ എന്നീ പ്രവർത്തനങ്ങൾ<br>മുൻകാല ചോദ്യപേപ്പറുകൾ ഉപയോഗപ്പെടുത്തൽ | രാവിലെ 9.30 -10 | അദ്ധ്യാപകർ<br>ഐ.സി.റ്റി<br>സഹപഠിതാക്കൾ<br>സമഗ്രപോർട്ടർ |
| **ക്ലാസ്സ് 9**<br>ഇലക്ട്രോനെഗറ്റിവിറ്റി ഉപയോഗിച്ച് തന്മാത്രകളിലെ ബന്ധനം കണ്ടുപിടിക്കൽ | കൂടുതൽ ഉദാഹരണങ്ങൾ നല്കൽ, വർക്ക് ഷീറ്റുകൾ, ഐ.സി.റ്റി എന്നിവയുടെ ഉപയോഗം | വൈകിട്ട് 3.45-4.30 | |

| | | | |
|---|---|---|---|
| **ക്ലാസ്സ് 8**<br>ലായനികളിലെ ലീനം, ലായകം എന്നിവ തിരിച്ചറിയുന്നതിനുള്ള ബുദ്ധിമുട്ട് | കൂടുതൽ മിശ്രിതങ്ങൾ കുട്ടികൾക്കു പരിചയപ്പെടുത്തൽ ചാർട്ടുകൾ (മിശ്രിതങ്ങളും ഘടകങ്ങളും) തയ്യാറാക്കൽ | ഒഴിവ് സമയം | അദ്ധ്യാപകർ സഹപഠിതാക്കൾ ഐ.സി.റ്റി എന്നിവ |
| **ബയോളജി**<br>ഡി.എൻ.എ, ആർ.എൻ.എ ഇവയിടങ്ങിയിരിക്കുന്ന ബേസുകൾ തിരിച്ചറിയൽ, ജനിതക എഞ്ചിനീയറിങ്ങുമായി ബന്ധപ്പെട്ട ആശയങ്ങൾ എന്നിവ ഗ്രഹിക്കുന്നതിന് കുട്ടികൾക്ക് പ്രയാസം അനുഭവപ്പെടുന്നു. | വർക്ക് ഷീറ്റുകൾ, ചാർട്ടുകൾ, ഐ.സി.റ്റി എന്നിവയുടെ ഉപയോഗത്തിലൂടെ പാഠഭാഗങ്ങൾ വ്യക്തമാക്കി.<br>ലാബ് പ്രവർത്തനങ്ങൾ നല്കൽ<br>മുൻകാല ചോദ്യപേപ്പറുകൾ ഉപയോഗപ്പെടുത്തൽ | 9-10<br>1.30-1.45<br>3.45-4.45 | |
| ജീവികളുടെ ശാസ്ത്രീയ നാമത്തിൽ കുട്ടികൾക്കു വ്യക്തതയില്ല. | | | |
| **സോഷ്യൽ സ്റ്റഡീസ്**<br>ദിക്കുകൾ ഉറപ്പിക്കാൻ | സ്കൂളിന്റെ രൂപരേഖ തയ്യാറാക്കുന്നു. സ്കൂളിലെ കിണർ, അടുക്കള, കൊടിമരം, ഓഫീസ്, ഓഡിറ്റോറിയം, ഗേറ്റ്, എച്ച്.എസ്.എസ് വിഭാഗം ഇവയുടെ ദിക്കുകൾ അടയാളപ്പെടുത്തുന്നു. വടക്കുനോക്കിയന്ത്രം ഉപയോഗിക്കുന്നു. | രാവിലെ വൈകുന്നേരം | അദ്ധ്യാപിക, വിദ്യാർത്ഥികൾ |
| കേന്ദ്രം എന്ന ആശയം | വ്യത്യസ്ത നിവാരത്തിലുള്ള കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് പാഠഭാഗം നന്നായി വായിച്ച് പരമാവധി ചോദ്യങ്ങൾ തയ്യാറാക്കുന്നു. അവയുടെ ഉത്തരങ്ങൾ വ്യക്തിഗതമായി പോയിന്റ് രൂപത്തിൽ തയ്യാറാക്കുന്നു. ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ക്രോഡീകരിക്കുന്നു. | രാവിലെ വൈകിട്ട് ശനിയാഴ്ചകൾ | അദ്ധ്യാപിക |
| അക്ഷാംശം രേഖാംശം ഭൂഖണ്ഡങ്ങൾ സമുദ്രങ്ങൾ ഉറപ്പിക്കൽ | ഗ്ലോബുകൾ, ഭൂപടങ്ങൾ, അറ്റ്ലസ് തുടങ്ങിയ യഥോചിതം ഉപയോഗപ്പെടുത്തുന്നു. ഐ.സി.റ്റി സാധ്യത | ശനിയാഴ്ചകൾ | എസ്.എസ് അദ്ധ്യാപിക, എസ്.ഐ.റ്റി.സി |
| ചോദ്യങ്ങൾ ഗ്രഹിക്കാനുള്ള കഴിവില്ലായ്മ | ചോദ്യങ്ങൾ പരമാവധി ലളിതമാക്കി പരിചയപ്പെടുത്തുന്നു. മാതൃകാചോദ്യങ്ങൾ ചെയ്യിക്കുന്നു. ടെസ്റ്റ് പേപ്പറുകൾ നടത്തുന്നു. ഫലം വിശകലനം ചെയ്യുന്നു. | രാവിലെ വൈകിട്ട് | എച്ച്.എസ് അദ്ധ്യാപിക, എസ്.ഐ.റ്റി.സി കുട്ടികൾ |
| ആശയവ്യക്തതയില്ലായ്മ | സെമിനാറുകൾ, ഗ്രൂപ്പ് ചർച്ചകൾ, സംവാദങ്ങൾ, ഫീൽഡ് ട്രിപ്പുകൾ, അഭിമുഖം, സ്ളോ ചാർട്ട് മുതലായവ തയ്യാറാക്കിച്ച് അവതരിപ്പിക്കുന്നു. ഐ.സി.റ്റി സാധ്യത ഉപയോഗപ്പെടുത്തുന്നു. എല്ലാ പാഠഭാഗങ്ങൾക്കും പരമാവധി പ്രയോജനപ്പെടുത്തുന്നു. വ്യക്തിഗത ശ്രദ്ധ നൽകേണ്ടവർക്ക് ലളിതമായി ആശയവും പ്രവർത്തനങ്ങളും നൽകുന്നു. | ശനിയാഴ്ചകൾ | എസ്.എസ് അദ്ധ്യാപിക |

| | | | |
|---|---|---|---|
| **മാത്സ്**<br>**1.ബീജഗണിതം**<br>1.1 സമവാക്യരൂപീകരണം<br>1.2 വിപരീത ക്രിയാരീതിയിലുള്ള ഗണിതക്രിയ<br>1.3 കുട്ടികളുടെ ആത്മവിശ്വാസക്കുറവ് | പ്രശ്നങ്ങളെ ബീജഗണിതഭാഷയിലേക്ക് മാറ്റാനുള്ള ശേഷിക്കുറവ് ലഘുവായ പ്രശ്നങ്ങളിലൂടെ അവതരിപ്പിക്കുകയും പ്രശ്നപരിഹാരം മനക്കണക്കായോ, അല്ലാതെയോ നേടാനുള്ള കഴിവ് ആർജ്ജിക്കുന്ന പ്രവർത്തനങ്ങൾ<br>വ്യത്യസ്ത നിലവാരമുള്ള ഗ്രൂപ്പുകളായി തിരിച്ച് സമർത്ഥരായ കുട്ടികളെ ഉപയോഗിച്ച് ചിത്രീകരണത്തിലൂടെ പ്രശ്നപരിഹാരം നേടുന്നു. ലളിതമായ പ്രശ്നങ്ങളിലൂടെ പരിഹാരങ്ങളിലെത്തി ആത്മവിശ്വാസം വർദ്ധിക്കുന്നു. | രാവിലെ വൈകുന്നേരം<br><br>ശനിയാഴ്ചകൾ | ഗണിതം അദ്ധ്യാപിക |
| **2.ജ്യാമിതി**<br>2.1 വരകളുടെ നീളവും കോണുകളുടെ വലുപ്പവും കൃത്യമായി അളക്കാൻ കഴിയാതെ വരിക.<br>2.2 പഠനവേഗതയിലുള്ള വ്യത്യാസം<br>2.3 നിശ്ചിതശേഷി ആർജ്ജിക്കാത്തത് | സ്കെയിലും കോൺമാപിനിയും സെറ്റ്സ്വകയറും കൃത്യമായി ഉപയോഗിക്കേണ്ട പ്രവർത്തനങ്ങൾ സമഗപോർട്ടൽ ഉപയോഗിക്കുന്നു.<br><br>വിദ്യാഭ്യാസ വിതഗ്ദരും മിടുക്കരായ പൂർവ്വ വിദ്യാർത്ഥികളും ചേർന്ന് ലളിതമായ മൊഡ്യൂൾ തയ്യാറാക്കിയുള്ള പ്രവർത്തനങ്ങൾ | ശനിയാഴ്ചകൾ | ഗണിതം അദ്ധ്യാപിക |
| **3.സംഖ്യകൾ**<br>3.1 സംഖ്യാവബോധക്കുറവ്<br>3.2 ചതുഷ്ക്രിയകൾ<br>3.3 ഗുണനപ്പട്ടിക ഹൃദ്യസ്ഥമാക്കാനുള്ള കഴിവ് | ദശാംശ സംഖ്യകളും ഭിന്നസംഖ്യകളും ഉപയോഗിച്ചുള്ള ചതുഷ് ക്രിയകൾ ജ്യാമിതിയുമായി ബന്ധപ്പെടുത്തി ബഹുഭുജങ്ങളുടെ ചുറ്റളവ്, പരപ്പളവ് എന്നിവ കണ്ടെത്തുന്നു.<br>ഐ.സി.റ്റി ഉപയോഗിച്ച് ആശയങ്ങൾ ഉറപ്പിക്കുന്നു.<br>സമഗ്ര പോർട്ടൻ ഉപയോഗിക്കുന്നു. | രാവിലെ<br><br>ശനിയാഴ്ചകൾ | |

# GVHSS MANEED

## SKETCH PLAN OF SCHOOL BUILDING




PIRAVOM ERNAKULAM ROAD

## പ്രതീക്ഷിത നേട്ടങ്ങൾ

- ശിശു സൗഹൃദാന്തരീക്ഷം കെട്ടിപ്പടുക്കുന്നു.
- സ്കൂളും സമൂഹവും നിരന്തരമായി ബന്ധപ്പെടുന്നു.
- സ്കൂൾ സമൂഹത്തെ ചലനാത്മമാക്കുന്നു.
- മൂല്യബോധമുള്ള തലമുറയെ സൃഷ്ടിക്കുന്നു.
- വൈവിധ്യമാർന്ന പഠനാനുഭവങ്ങൾ ജീവിതത്തിന്റെ പ്രശ്നങ്ങളെ അഭിമുഖീകരിക്കുവാൻ പ്രാപ്തരാക്കുന്നു.

## ഉപസംഹാരം

പൊതുവിദ്യാഭ്യാസ യഞ്ജത്തിന്റെ മാർഗ്ഗരേഖ പ്രകാരം തയ്യാറാക്കുന്ന അക്കാദമിക മാസ്റ്റർ പ്ലാൻ നമ്മുടെ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുമെന്ന് പ്രത്യാശിക്കുന്നു. ശ്രദ്ധ, നവ പ്രഭ, മലയാളത്തിളക്കം തുടങ്ങിയ പ്രവർത്തനങ്ങൾ ഇതിനുള്ള തുടക്കമാകട്ടെ. പുതിയ തലമുറ, പുതിയ നാട്,പുതിയ സങ്കല്പങ്ങൾ, പുത്തൻ പ്രതീക്ഷകൾ എന്നിവ നമ്മുടെ നാടിനെ സമ്പന്നമാക്കട്ടെ.